**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3308** **13-07-2022 - ൽ മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസുകൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഉദ്യോഗസ്ഥരുടെയും ആവശ്യമായ സൗകര്യങ്ങളുടെയും കുറവ് പല വില്ലജ് ഓഫീസുകളുടെയും പ്രവർത്തനങ്ങളെ കാര്യമായി ബാധിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | റവന്യൂ വകുപ്പിൽ ഉദ്യോഗകയറ്റം നടത്തുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായ ചില കോടതി വ്യവഹാരങ്ങളെ തുടർന്ന് നിലവിലുണ്ടായിരുന്ന ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് കഴിഞ്ഞിരുന്നില്ല. നിയമ തടസ്സം നീങ്ങിയതിനെ തുടർന്ന് എല്ലാ ഒഴിവുകളിലേക്കും സ്ഥാന കയറ്റം നൽകി ജീവനക്കാരെ നിയമിച്ച് കൊണ്ട് ഒഴിവുകളെല്ലാം നികത്തിയിട്ടുണ്ട്. വില്ലേജ് ഓഫീസുകളുടെ സൗകര്യങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. അടുത്ത നാല് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ട് ആക്കുന്നതിനാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് പ്ലാൻ ഫണ്ട് ഉപയോഗിക്കുന്നതിനോടൊപ്പം എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് / പ്രത്യേക വികസന ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകികൊണ്ട് 04/06/2022 ൽ സ.ഉ(കൈ) 62/2022/ധന എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ